കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ആറാം സമ്മേളനം

1981 ആഗസ്റ്റ് 25, ചൊവ്വ

വാല്യം LIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 26

നിയമസഭ 1981 ആഗസ്റ്റ് 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. അടിയന്തിര പ്രമേയം

[വിലങ്ങാട് പ്രദേശത്തുണ്ടായ (നാദാപുരം) ഏറ്റുമുട്ടൽ]

മി. സ്പീക്കർ: നാദാപുരം നിയോജകമണ്ഡലത്തിലെ വിലങ്ങാട് പ്രദേശത്തുണ്ടായ ഏറ്റുമുട്ടലിന്റെ ഫലമായി സാരമായ പരിക്കുകളോടെ നിരവധി ആളുകൾ ആശുപത്രിയിൽ പ്രവേശിച്ചതിനെ തുടർന്ന് അവിടെ നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിറുത്തി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂൾ 50 അനുസരിച്ച് ശ്രീ. മണിമംഗലത്ത് കുട്ട്യാലി, ശ്രീ. എം. പി. ഗംഗാധരൻ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. പി. സി. ജോർജ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. സീതിഹാജി, ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

അഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, നാദാപുരം നിയോജകമണ്ഡലത്തിലെ വിലങ്ങാട് എന്ന സ്ഥലത്ത് ചെങ്ങളത്തുപറമ്പിൽ ബാബു എന്നു വിളിക്കുന്ന തോമസ്സിന്റെ സ്ഥലത്ത് ഒരു തൊഴിൽത്തർക്കമുണ്ടായി. സ്ഥിരം തൊഴിലാളികൾക്കു പണി കിട്ടണം, കൂലി വർദ്ധിപ്പിച്ചുകിട്ടണം എന്നുള്ളതായിരുന്നു ആവശ്യം. ഇത് സംബന്ധിച്ച് 13-8-1981-ൽ സബ്കളക്ടറുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തു. 7 രൂപ കൂലി 8 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടും സ്ഥിരം തൊഴിലാളികളെ പണിക്കെടുക്കാമെന്നും സമ്മതിച്ചുകൊണ്ടുള്ളതായിരുന്നു ഒത്തുതീർപ്പ്. ഈ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സംസാരിക്കാൻ ഇന്നലെ 10-30-ന് തൊഴിലാളികൾ ബാബുവിന്റെ വീട്ടിൽചെന്നു. അപ്പോൾ അവിടെ 4 തൊഴിലാളികൾ പണിയെടുക്കുന്നുണ്ടായിരുന്നു. സ്ഥിരം തൊഴിലാളികളെ പണിക്കെടുക്കാം എന്നു പറഞ്ഞ ആ വ്യവസ്ഥയനുസ

LIBRARY ARCHIVES Kerala Legislative Assembly

രിച്ച്. അത് ചെയ്യാതെ മറ്റ് തൊഴിലാളികളെ പണിക്കെടുപ്പിച്ചത് എന്താണെന്നു ചോദിച്ച സമയത്ത് മുതലാളിയോടു ചോദിക്കേണ്ട കാര്യമാണ് അതെന്ന് തൊഴിലാളികൾ പറഞ്ഞു. ബാബുവിന്റെ വീട് അൽപ്പം ഉയർന്ന ഒരു സ്ഥലത്താണ്. ചെന്ന തൊഴിലാളികൾ ആ വീട്ടിലേക്കു നടന്നു തുടങ്ങുമ്പോൾ, 25 വാര അടുത്തെത്തുമ്പോൾ വീടിന്റെ മുൻഭാഗത്തുനിന്നിരുന്ന മാത്യു എന്നുപറയുന്ന മുതലാളി നാടൻ തോക്ക് ഉപയോഗിച്ച് തൊഴിലാളികളുടെ നേരെ വെടിവച്ചു. അതിനുശേഷം ഇയാൾ അകത്തേക്ക് ഓടിക്കയറി. അകത്തുനിന്ന് ജനലിൽകൂടി വീണ്ടും വെടിവച്ചു. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് പരിക്കുപറ്റുകയും തൊഴിലാളികൾ വീടിനു നേരെ കല്ലെറിയുകയും ചെയ്തു. ഇങ്ങനെ രണ്ടു കൂട്ടരുംകൂടി നടന്ന സംഘട്ടനത്തിനിടക്ക് പടക്കം ഉപയോഗിച്ചിട്ടുണ്ട്. അങ്ങനെ വളരെയധികം പേർക്ക് പരിക്കുപറ്റി. പരിക്കുപറ്റിയ 8 കർഷകത്തൊഴിലാളികളേയും മെഡിക്കൽ കോളേജ് ആശുപത്രിയിലും അതുപോലെ പരിക്കുപറ്റിയ രണ്ടു കൃഷിക്കാരെ മറ്റൊരു ആശുപത്രിയിലും പ്രവേശിപ്പിച്ചിട്ടുണ്ട്. വെടികൊണ്ട 4 പേർക്കാണ് പരിക്കുണ്ടായിട്ടുള്ളത്. രണ്ടു പേർക്ക് പടക്കം കൊണ്ടുള്ള പരിക്കാണ്. നാടൻതോക്ക് കണ്ടെടുക്കുകയും കുറേ പേരെ ചോദ്യംചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. 7 പേർ മെഡിക്കൽ കോളേജ് ആശുപത്രിയിലും 2 പേർ നാദാപുരം ആശുപത്രിയിലും ഒരാൾ വടകര ആശുപത്രിയിലുമാണ് കിടക്കുന്നത്. ഇപ്പോൾ പോലീസ് അവിടെ ക്യാമ്പുചെയ്യുന്നുണ്ട്. ഒത്തുതീർപ്പുകാര്യങ്ങളും നടപ്പാക്കണമെന്നുപറഞ്ഞു ചെന്ന തൊഴിലാളികളുടെ നേരെ വടിവെച്ച് സംഘർഷം ഉണ്ടാക്കുകയാണു ചെയ്തത്. അടിയന്തിര പ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലെ തൊഴിലാളികൾ ആക്രമിച്ച് കുഴപ്പം ഉണ്ടാക്കുക അല്ല. ചെയ്തത്. ഏതായാലും ഇപ്പോൾ അവിടെ പോലീസ് എത്തിയിട്ടുണ്ട്. ആവശ്യമായ നടപടികളും എടുത്തിട്ടുണ്ട്. സംഘർഷാവസ്ഥയും അടിയന്തിരപ്രമേയം ചർച്ചചെയ്യേണ്ട സ്ഥിതിവിശേഷവും ഒന്നും ഇല്ല.

ശ്രീ മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട അഭ്യന്തരകാര്യമന്ത്രി ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും വസ്തുതകൾക്കു നിരക്കാത്തതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാദാപുരം നിയോജകമണ്ഡലത്തിലെ വിലങ്ങാട് പ്രദേശം വളരെക്കാലമായി അസ്വസ്ഥബാധിതപ്രദേശമാണെന്ന് നമുക്കറിയാം. കഴിഞ്ഞ 13-ാം തീയതി സബ്കളക്ടറുടെയും വടകര തഹസീൽദാരുടെയും സാന്നിദ്ധ്യത്തിൽ ജോർജ് തോമസ് കക്കോടൻ എന്നുപറഞ്ഞ കർഷക നേതാവിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഒരു ഒത്തുതീർപ്പുണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 24-ാം തീയതി ബാബു എന്ന ആൾ അദ്ദേഹത്തിന്റെ പറമ്പിൽ പണിയെടുപ്പിക്കുകയും ചെയ്യുകയായിരുന്നു. ഏകദേശം 12 മണിയാകുമ്പോൾ 10, 13 മാർക്സിസ്റ്റുകാർ തോക്ക്, കുറുവടി, ബോംബ് മുതലായ ആയുധങ്ങളുമായി അവിടെ പ്രവേശിക്കുകയും ജോലിക്കാരെ ആക്രമിക്കുകയും ജോലി തടയുകയും ചെയ്തു. അതേസംബന്ധിച്ച് ഒരു പ്രശ്നമുണ്ടായപ്പോൾ ആദ്യമായി ബാബുവിന്റെ വീട്ടിലേക്ക് കൈബോംബ് എറിയുകയും വെടിവെയ്ക്കുകയും തുടർന്ന് സംഘർഷനിർഭരമായ ഒരു അന്തരീക്ഷം ഉണ്ടാവുകയും ചെയ്തു. അവിടെ ജോലി ചെയ്തിരുന്ന ചാക്കോ, ബേബി, പ്രസന്നൻ, ഉണ്ണികൃഷ്ണൻ എന്നിവർക്കെല്ലാം പരിക്കുപറ്റുകയും ആകെപ്പാടെ കലുഷിതമായ ഒരു അന്തരീക്ഷം ഉണ്ടാവുകയും ചെയ്തു. മാർക്സിസ്റ്റുപാർട്ടി പ്രവർത്തകൻമാരും കർഷകസംഘം പ്രവർത്തകൻമാരും അവിടെ വരുന്നതിനു മുമ്പായി വാർത്താവിനിമയ ബന്ധങ്ങളും നശിപ്പിച്ചിരുന്നു. പോലീസ് പാർട്ടിക്ക് നേരത്തെകൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഒരു പ്രശ്നമുണ്ടാകുമെന്ന നിർദ്ദേശമനുസരിച്ച് നാദാപുരം പോലീസ് സ്റ്റേഷനിലെ ഒരു സബ് ഇൻസ്പെക്ടറും രണ്ടുമൂന്നു പോലീസുകാരും മാത്രം ആ സംഭവസ്ഥലത്തുണ്ടായിരുന്നു, അവരുടെ കൈയിൽ ലാത്തിപോലും ഉണ്ടായിരുന്നില്ല. ബോംബ് പൊട്ടുകയും വെടിവയ്ക്കുകയും ആളുകൾക്ക് പരിക്കുപറ്റുകയും ചെയ്ത സ്ഥിതിവിശേഷം ഉണ്ടായപ്പോഴാ പോലീസിന് പ്രകിയാത്മകമായി യാതൊന്നുംതന്നെ ചെയ്യാൻ സാധിക്കാതെ ഓടി ഒളിക്കേണ്ട ഗതികേടു വന്നു എന്നുള്ളതു് സത്യമായ ഒരു വസ്തുത മാത്രമാണ്.

പ്രത്യേകമായ മറെറാരു കാര്യംകൂടിയുണ്ട്. കഴിഞ്ഞ കുറെ മാസങ്ങളായി പ്രശ്നം ഉണ്ടാകുന്നുവെന്നും ശക്തമായ നടപടിയെടുക്കണമെന്നും ഈ അസംബ്ലിയിൽത്തന്നെ 'യു' കോൺഗ്രസ് എം.എൽ.എ. ശ്രീ എൻ. പി. മൊയ്തീൻ .സൂചിപ്പിച്ചിരുന്നു.

പതിനാലോളം പേരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവരുടെ ദേഹത്തുനിന്ന് കുപ്പിച്ചില്ലുകളും ഓപ്പറേഷൻ നടത്തി എടുക്കുകയും ചെയ്തതായിട്ടാണ് ഞാൻ ഡാക്ടർമാർക്ക് ഫോൺ ചെയ്തപ്പോൾ ഇന്നലെ എനിക്കു വിവരം കിട്ടിയത്. നാദാപുരം ആശുപത്രിയിൽ 8 പേർ കിടക്കുന്നു. വടകര ആശുപത്രിയിൽ 12 പേർ കിടക്കുന്നു. കഴിഞ്ഞ രണ്ടുമൂന്നുമാസമായി സംഘർഷനിർഭരമായ ഒരു സ്ഥിതിവിശേഷം അവിടെ നിലനിൽക്കുന്നുവെന്ന് കോഴിക്കോട് ആർ. ഡി. ഒ ക്കും കളക്ടർക്കും മുൻകൂട്ടി വിവരം കൊടുത്തിട്ടും യാതൊരു പോലീസ് സഹായവും ഉണ്ടായില്ല എന്നതാണ് മറെറാരു വസ്തുത.

ഈ സംഭവം നടന്നതിനുശേഷം കോഴിക്കോട് ജില്ല 'യു' കോൺഗ്രസ്സിന്റെ എക്സിക്യൂട്ടീവ് മെമ്പറായ ജോൺ ജീപ്പിൽ സംഭവസ്ഥലത്ത് ചെല്ലുകയും മാർക്സിസ്റ്റു പ്രവർത്തകൻമാർ പരിപ്പുപാറ എന്ന സ്ഥലത്തുവച്ച് അദ്ദേഹത്തെ വളയുകയും മർദ്ദിക്കുകയും തലക്ക് പരിക്കുപറ്റി അബോധാവസ്ഥയിൽ അദ്ദേഹം ആശുപത്രിയിൽ കിടക്കുകയും ആണ്, സംഭവമറിഞ്ഞ് വടകര സർക്കിൾ ഇൻസ്പെക്ടർ വേലായുധനും പാർട്ടിയും സംഭവസ്ഥലത്ത് കുതിച്ചെത്തുകയും മാർക്സിസ്റ്റു പാർട്ടിയിൽപെട്ട തൊഴിലാളികൾ ഉൾപ്പെടെ പരിക്കുപറ്റിയ തൊഴിലാളികളെ പിടിച്ച് പോലീസ് ജീപ്പിൽ ഇട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയും വാണിമേൽ എന്ന സ്ഥലത്തിനടുത്തുള്ള പരിപ്പുപാറ എന്ന സ്ഥലത്തുവച്ച് പോലീസ് ജീപ്പിനെ മാർക്സിസ്റ്റുകാരും കർഷകസംഘത്തിന്റെ പ്രവർത്തകൻമാരും കൂടി വളഞ്ഞുവച്ചു കല്ലെറിഞ്ഞ് ജീപ്പിന്റെ ചില്ലു തകർക്കുകയും ജീപ്പ് കേടുവരുത്തുകയും തൊഴിലാളികളെ ആശുപത്രിയിൽ കൊണ്ടുപോകാൻ കഴിയാത്തവിധത്തിൽ ജീപ്പ് നശിപ്പിക്കുകയും ,പോലീസുകാർ നാലുപുറം ഓടുകയും ചെയ്തു. അത്രയ്ക്ക് ഗുരുതരമായ ഒരു സംഭവമാണ് അവിടെ ഉണ്ടായിട്ടുള്ളത്. നാട്ടുകാർ ആകെ ഭയവിഹ്വലരായി ശ്വാസംമുട്ടി കഴിയുകയാണ്. ധാരാളം പ്രാവശ്യം നാദാപുരത്തെ വിലങ്ങാടിയിലും, കൈവേലിയിലും മററു പ്രദേശങ്ങളിലും എല്ലാം ഭീകരമായ ഒരന്തരീക്ഷം മാർക്സിസ്റ്റുകാർ ഉണ്ടാക്കി എന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിട്ട് അവിടെ നിയമസമാധാനം പാലിക്കാൻ ഒരു ചെറുവിരൽപോലും അനക്കാൻ അദ്ദേഹത്തിനോ ഇടതുപക്ഷ സർക്കാരിനോ സാധിച്ചിട്ടില്ലെന്നുള്ളതാണ് ഒരു വസ്തുത. ഇതിനെ മറച്ചുപിടിച്ചുകൊണ്ട് അവിടെ ചെറിയൊരു കാര്യം ഉണ്ടായി, ബാബുവിന്റെ വീട് ഉയർന്ന സ്ഥലത്താണ്, അകത്തുപോയി ഒരാൾ വെടി ഇങ്ങോട്ടു വച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നെല്ലാം പറയുന്നത് വസ്തുതകൾക്കു നിരക്കാത്തതാണ്. അസത്യമാണ്, അടിസ്ഥാന രഹിതമാണ്, അബദ്ധജടിലമാണ്, ആക്ഷേപാർഹമാണ് എന്നു തുറന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസാനത്തെ മരണമണിയായിരിക്കും ഈ രാജ്യത്തെ കർഷകന്റെ നേരെയുള്ള ഈ ആക്രമണം എന്ന് മുന്നറിയിപ്പു നൽകികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു സർ. അതുകൊണ്ട് എന്റെ അടിയന്തിരപ്രമേയം ഇന്നത്തെ സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്ന് വിനയപൂർവ്വം ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. ടി. കുണാരൻ: സർ, ഇവിടെ ബഹുമാനപ്പെട്ട കുട്ട്യാലി എം. എൽ. എ. പറഞ്ഞത് സത്യവിരുദ്ധമാണ്. ശ്രീ. കുട്ട്യാലിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കും എത്ര മാർക്സിസ്റ്റു വിരോധം പറയാനാകുമോ അതു പറഞ്ഞുകൊള്ളട്ടെ. പാവപ്പെട്ട ആദിവാസി കർഷകത്തൊഴിലാളികൾ കൂലി ചോദിച്ചതാണു പ്രശ്നം. ജൂലൈ 6-ാം തീയതിമുതൽ അവർ പണിമുടക്കുസമരം നടത്തുകയാണ്. ബാബു എന്നുപറയുന്ന മൂവുടമയുടെ വീട്ടുപടിക്കൽ സത്യാഗ്രഹസമരം നടന്നു. അതോടനുബന്ധിച്ച് അവിടെ സംഘർഷാവസ്ഥയുണ്ടായി. കോഴിക്കോട് കളക്ടറും ജില്ലാധികാരികളും കഴിഞ്ഞ 6-ാം തീയതി വടകരവെച്ച് ബന്ധപ്പെട്ട കക്ഷികളുടെയും കോൺഗ്രസ് 'യു' കോൺഗ്രസ് (ഐ) അടക്കമുള്ള എല്ലാ പാർട്ടിക്കാരുടെയും ഒരു സംയുക്തയോഗം ചേരുകയും ഇതൊരു തൊഴിൽപ്രശ്നമാണെന്ന് എല്ലാവരും അംഗീകരിക്കുകയും ചെയ്തു. ബാബു കുറഞ്ഞ കൂലിയാണ് കൊടുക്കുന്നതെന്ന് അംഗീകരിക്കുകയും ബാബു തൊഴിൽ നിഷേധിക്കുകയാണെന്ന് അംഗീകരിക്കുകയും ഇതുസംബന്ധിച്ച് വടകര തഹസീൽദാർ അന്വേഷിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

13-ാം തീയതി, തഹശീൽദാരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഈ കമ്മിറ്റി രണ്ടാമതും യോഗംചേർന്ന് മേൽപ്പറഞ്ഞ സംഗതികൾ സത്യമാണെന്നംഗീകരിക്കുകയും ബാബു കൊടുക്കുന്ന കൂലി 7 രൂപയിൽനിന്ന് 8 രൂപയാക്കാൻ തീരുമാനിക്കുകയും ചെയ്തു. കഴിഞ്ഞ 3 കൊല്ലക്കാലമായി തൊഴിൽനിഷേധിച്ചിട്ടുള്ള തൊഴിലാളികൾക്ക് ബാബു ജോലികൊടുക്കണമെന്നും തീരുമാനിച്ചു. ജോലിയെടുത്തിട്ടുള്ള തൊഴിലാളികൾക്ക് കൂലിയിനത്തിൽ മുൻബാക്കിയും കൊടുക്കാനുണ്ടായിരുന്നു. അതെ സംബന്ധിച്ചുമാത്രമാണ് തർക്കമുണ്ടായത്. ആ തർക്കം അന്വേഷിക്കാൻ പ്രത്യേക സബ് കമ്മിറ്റിയെ വച്ചു. ഈ തീരുമാനം നടപ്പിലാകുന്നതുവരെ തൊഴിലാളികളുടെ സത്യാഗ്രഹം പിൻവലിക്കാനും ബാബു കൃഷിപ്പണി നിറുത്തിവയ്ക്കാനും സംയുക്തമായി തീരുമാനിച്ചതാണ്. സർ, എല്ലാ പാർട്ടിക്കാരും ഒപ്പിട്ട തീരുമാനമാണ്. കാലത്തുമുതൽ വൈകിട്ടുവരെ ജോലി ചെയ്താൽ അവിടത്തെ തൊഴിലാളികൾക്ക് മൂന്നോനാലോ രൂപയാണ് അവിടത്തെ മൂവുടമകൾ കൊടുക്കുന്നത്. അവർ സംഘടിച്ചു കൂലിക്കൂടുതൽ ചോദിച്ചു എന്നതാണ് പ്രശ്നം. നേരത്തെ പറഞ്ഞ തീരുമാനം നടപ്പിലാക്കാതെ മൂവുടമ ജോലിയെടുപ്പിക്കാൻ ശ്രമിച്ചു. തീരുമാനം നടപ്പിലാക്കണമെന്നാവശ്യപ്പെടാനാണ് ഇവർ പോയത്. കോഴിക്കോട് മെഡിക്കൽകോളേജിൽ കിടക്കുന്ന ആളുകൾക്ക് പരിക്കുപറ്റിയെന്ന് ബഹുമാനപ്പെട്ട കുട്ട്യാലി പറഞ്ഞല്ലോ. കർഷകത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ദാമുവിനും പരിക്കുപറ്റിയിട്ടുണ്ട്. ബോംബാണോ വെടിയാണോ എന്നറിയില്ല, അതിന്റെ അവശിഷ്ടങ്ങളൊക്കെ കണ്ടെടുത്തിട്ടുണ്ട്. മാർക്സിസ്റ്റുകാർ ആക്രമിച്ചാൽ കർഷകത്തൊഴിലാളിയായ ദാമുവിനാണോ സർ, പരിക്കുപ്പറ്റുന്നത്? ഇവിടെ പറഞ്ഞതത്രയും സത്യവിരുദ്ധമാണ്. മാർക്സിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയെ വിമർശിക്കാൻ തീർച്ചയായിട്ടും അധികാരമുണ്ട്. പക്ഷേ, മാർക്സിസ്റ്റ് പാർട്ടിയെ എതിർക്കുന്നതിന്റെപേരിൽ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൂലികൊടുക്കാൻ കൂട്ടാക്കാത്ത ഭൂവുടമയ്ക്ക് അരുനിൽക്കുന്ന നയം ശരിയാണോ? പൈശാചികമായ ആക്രമണമാണു നടന്നതെന്നതു സത്യമാണ്. ഈ സഭയിലെ പ്രതിപക്ഷത്തോ ഭരണപക്ഷത്തോ ഉള്ള ഏത് എം. എൽ. എ. യുമായും പ്രസ്തുത പ്രദേശത്തുപോയി പരസ്യാന്വേഷണം നടത്താൻ ഞാൻ തയ്യാറാണ്. ഞാൻ ഇവിടെ പറഞ്ഞതുതെറ്റാണെങ്കിൽ ഈ നിയമസഭയിൽ ഞാൻ മാപ്പുചോദിക്കാം. ബഹുമാനപ്പെട്ട കുട്ട്യാലിയോടൊന്നിച്ചാണെങ്കിലും ആ പ്രദേശം സന്ദർശിക്കാൻ ഞാനൊരുക്കമാണ്, പ്രതിപക്ഷത്തുനിന്നും ഇവിടെപറഞ്ഞ കാര്യങ്ങൾ സത്യമാണോ എന്ന് തെളിയിക്കാൻ വെല്ലുവിളിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഭൂവുടമകളായ ഒരുകൂട്ടം ആളുകൾ പാവപ്പെട്ട കർഷകത്തൊഴിലാളികളെ ആക്രമിക്കുകയാണ്. ഇവർക്ക് ന്യായമായ, അംഗീകൃതമായ കൂലികൊടുക്കണം. കുറ്റക്കാരുടെപേരിൽ നടപടിയെടുക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാനും നോട്ടീസ് കൊടുത്തിരുന്നതാണ്. എനിക്കും രണ്ടുവാക്കു സംസാരിക്കാനുണ്ട്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട കുട്ട്യാലിയും കണാരനുമൊക്കെ വളരെ വിശദമായി പറഞ്ഞല്ലോ. ഇനി ആഭ്യന്തരമന്ത്രി മറുപടി പറഞ്ഞശേഷം വല്ല സംശയവുമുണ്ടെങ്കിൽ ചോദിക്കാം. തുടർന്നുവരുന്ന കീഴ്വഴക്കമനുസരിച്ച് നോട്ടീസ് തന്ന ഒരാളിനുമാത്രമേ സംസാരിക്കാൻ അനുവാദമുള്ളു....

ശ്രീ. പി. ജെ. ജോസഫ്: നോട്ടീസ് തന്ന ഒരാളിനുമാത്രമേ സംസാരിക്കാവൂ എന്ന കീഴ്വഴക്കം അങ്ങ് തുടങ്ങിവച്ചതാണു സർ.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ അംഗീകരിച്ചുപോരുന്ന ഒരു കീഴ്വഴക്കമുണ്ട്, ദയവായി ജോസഫ് ഇരിക്കണം.

(പ്രതിപക്ഷബഞ്ചുകളിൽ ബഹളം)

....

ആഭ്യന്തരമന്ത്രി മറുപടി പറയുമ്പോൾ ചോദിക്കാമെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ: ആഭ്യന്തരമന്ത്രിയുടെ മറുപടിയല്ല, ചർച്ചയാണ് ആവശ്യം. കാരണം, ഇത് ആദ്യത്തെ തവണയൊന്നുമല്ല. പല സ്ഥലത്തും ഇതുമാതിരിയുള്ള സംഭവങ്ങൾ ആവർത്തിക്കുകയാണ്. മന്ത്രി എന്തുമറുപടിയാണു പറയാൻ പോകുന്നതെന്ന് ഞങ്ങൾക്കു നേരത്തേ അറിയാം. ഈ സഭയിൽ സത്യവിരുദ്ധമായിട്ടല്ലാതെ ഒരു വാക്കെങ്കിലും പറഞ്ഞതായിട്ടു കാണിച്ചുതരാമോ റിക്കാഡിൽനിന്ന്?

(സഭയിൽ ബഹളം)

സർ, ചർച്ചയാണാവശ്യം, ചർച്ചകൂടാതെ മുന്നോട്ടുപോകാൻ സാധ്യമല്ല.

(സഭയിൽ ബഹളം)

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച്. ഇവിടെ സ്വീകരിച്ചുപോരുന്ന ഒരു നടപടിക്രമം ഉണ്ട്. അതനുസരിച്ച് ബഹുമാനപ്പെട്ട കുട്ട്യാലിക്ക് വിശദമായി പറയാനുള്ള അവസരം കൊടുത്തു. ഇനി ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതുകൂടി ദയവായി കേൾക്കണം. ആ നിയോജകമണ്ഡലത്തിലെ സാമാജികനായ ബഹുമാനപ്പെട്ട കണാരനും പറയാൻ അവസരം കൊടുത്തു. ഇനി ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളതുകൂടി കേട്ടിട്ടേ ചെയറിന് ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. പി. ജെ. ജോസഫ്: എനിക്കു പറയാനുള്ള ഒരു കാര്യംകൂടെ കേട്ടതിനുശേഷം അദ്ദേഹം മറുപടി പറയട്ടെ. മുന്നൂറോളംപേർ ചേർന്ന് നാലഞ്ചുതൊഴിലാളികളെ ആക്രമിച്ചു എന്നും ബോംബെറിഞ്ഞു എന്നും ആശുപത്രിയിലാണെന്നും ഒക്കെയാണിവിടെ പറഞ്ഞത്. ആരുടെ പേരിലാണ് യഥാർത്ഥത്തിൽ ആക്രമണമുണ്ടായതെന്നു മനസ്സിലാക്കണം. കഴിഞ്ഞ ജൂൺമാസം 10-ാം തീയതി കൈകൊട്ടിക്കൊണ്ടുപോയ കോൺഗ്രസ്-യുവിലെ നാലു തൊഴിലാളികളെയാണ് ഇന്നലെ ആക്രമിച്ചത്.

(സഭയിൽ പല മെംബർമാരും എഴുന്നേറ്റുനിന്ന് എന്തോഒക്കെ പറഞ്ഞുകൊണ്ടിരുന്നു.)

.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ദയവായി എല്ലാ മെമ്പർമാരും ഇരിക്കണം. ആഭ്യന്തരമന്ത്രി മറുപടി പറയട്ടെ.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ, കാലേകൂട്ടി സത്യമല്ല എന്നു ധരിക്കാത്തവർക്ക് സത്യമായി തോന്നാനിടയുള്ള കാര്യങ്ങൾ മാത്രമാണ്.

ശ്രീ. കെ. കരുണാകരൻ: സർ, എന്താണീ പറയുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മി. കരുണാകരൻ, താങ്കൾ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ സ്വീകരിച്ച നിലപാടുതന്നെ ഞാനും സ്വീകരിക്കും എന്നുവിശ്വസിച്ചിട്ടുകാര്യമില്ല. ഞാൻ അങ്ങനെ ചെയ്യുകയില്ല. കരുണാകരൻ നുണപറഞ്ഞിട്ടുണ്ട്. കോടതിയെ ധിക്കരിച്ചുപോലും നുണപറഞ്ഞിട്ടുണ്ട്. ഞാൻ അതു പറയുകയില്ല. അതാണ് വ്യത്യാസം.

സർ, തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുകയും കൂലികൂടുതലിനുവേണ്ടി വാദിച്ചപ്പോൾ കൂലി വെട്ടിച്ചുരുക്കുകയും ചെയ്ത സംഭവമാണിവിടെ ഉണ്ടായിട്ടുള്ളത്.

ശ്രീ. പി. സീതിഹാജി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിരപരാധിയാണെന്ന് കോടതി തെളിയിച്ചിരിക്കേ കോടതിയിൽ കളവുപറഞ്ഞു എന്ന് ആഭ്യന്തരമന്ത്രി പറയുന്നത് കാർഡറിലാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കോടതിയെപ്പറ്റി ഞാൻ ഒന്നും പറഞ്ഞില്ല.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, കോടതിയിൽ ശ്രീ. കരുണാകരൻ അങ്ങനെ പറഞ്ഞു എന്ന് അദ്ദേഹം പറഞ്ഞിട്ടില്ലെന്നു ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞല്ലോ. അതുകൊണ്ട് റൂളിംഗിന്റെയൊന്നും ആവശ്യമില്ല. അങ്ങനെയെന്തെങ്കിലുമുണ്ടോ എന്ന് റിക്കാർഡു പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ ഇതുപോലെയാണദ്ദേഹം നുണ പറയുന്നത്. നാക്കെടുത്താൽ അദ്ദേഹം നുണയേ പറയൂ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കരുണാകരനുമായി ഞാൻ ഒരു വാദ പ്രതിവാദത്തിനൊരുക്കമല്ല. ഈ പ്രശ്നം ഞാൻ ഇവിടെ അവസാനിപ്പിക്കുകയാണ്.

സർ, അവിടെ നിലനിന്നിരുന്ന സംഘർഷാവസ്ഥ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഈ ഗവൺമെൻറ് തന്നെയാണ് എടുത്തത്. 13-ാം തീയതി സബ് കളക്ടറുടെ നേതൃത്വത്തിൽ ഒത്തുതീർപ്പുണ്ടായി. അവിടത്തെ മെമ്പറായ ശ്രീ. കെ. ടി. കണാരൻ സൂചിപ്പിച്ചപോലെ എഴു രൂപ കൂലി എട്ടു രൂപയാക്കിക്കൊണ്ടും സ്ഥിരം തൊഴിലാളികളെ മാത്രമേ പണിക്കെടുക്കൂ എന്നുള്ള നിലയിലുമാണ് ഒത്തുതീർപ്പുണ്ടായത്. ആ ഒത്തുതീർപ്പു വ്യവസ്ഥ നടപ്പിലാക്കുന്നതിനു മുൻപ് മറ്റു തൊഴിലാളികളെ അവിടെ പണിക്കിറക്കി. അതിനെ ചോദ്യം ചെയ്യാൻ ചെന്നിട്ടുള്ള തൊഴിലാളികളുടെ നേരെയാണ് വെടിവയ്പുണ്ടായത്. തൊഴിലാളികളുടെ ഭാഗത്തുനിന്നാണ് വെടിവയ്പുണ്ടായതെന്നാണ് ബഹുമാനപ്പെട്ട കുട്യാലി പറഞ്ഞത്. തൊഴിലാളികളുടെ ഭാഗത്തുനിന്നും വെടിവയ്പുണ്ടായിട്ടില്ല. മാതൃഭൂമിയിലെ റിപ്പോർട്ടു നോക്കിയാൽത്തന്നെ അക്കാര്യം മനസ്സിലാകും. അതുപോലെതന്നെ അവിടെ പണിയെടുത്തിരുന്ന തൊഴിലാളികളെ ആക്രമിച്ചു എന്നും കുട്യാലി പറഞ്ഞത് ശരിയല്ല. അവരെയും ആക്രമിച്ചിട്ടില്ല. തൊഴിലാളികളുടെ നേരേ മി. ബാബുവിൻെറ വീട്ടിലുണ്ടായിരുന്ന മാത്യു തോക്കു പൊട്ടിച്ച് വെടിവച്ചതിനെത്തുടർന്നാണ് ഈ സംഭവം ഉണ്ടായത്.

ശ്രീ. പി. ജെ. ജോസഫ്: 300 പേരെ മൂന്നു നാലു തൊഴിലാളികളും ചേർന്നാക്രമിച്ചു എന്നാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എൻെറ ജോസഫേ, ഈ പറയുന്ന കാര്യങ്ങളൊക്കെ ജോസഫ്തന്നെ അവിടെ പോയി നോക്കിയാൽ മനസ്സിലാക്കാൻ സാധിക്കും. കോൺഗ്രസ്-യു-വിൻെറ നേതാവ് വരുന്നവഴിക്ക് ആക്രമണമുണ്ടായി എന്ന കാര്യം ഞാൻ ഇവിടെ വന്നശേഷമാണ് മനസ്സിലാക്കിയത്. അതുകൊണ്ട് അതെപ്പറ്റി അന്വേഷിക്കാൻ കഴിഞ്ഞില്ല. തീർച്ചയായും അതെപ്പറ്റിക്കൂടി അന്വേഷിക്കുന്നതാണ്. ഇപ്പോൾ അവിടെയാതൊരു സംഘർഷവും ഇല്ല. തൊഴിലാളികളുടെ ജോലി സ്ഥിരത തുടങ്ങിയ കാര്യങ്ങളിൽ ഒത്തുതീർപ്പു നടപ്പാക്കി ഈ സ്ഥിതി വിശേഷം മേലിൽ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അവിടെ തൊഴിലാളികളും ജോലി ചോദിക്കാൻ പോയി എന്നാണ്. മന്ത്രിയുടെ ഭാഷയിൽ ജോലി ചോദിക്കാൻ പോകുമ്പോൾ പടക്കവും കൊണ്ടാണോ പോകുന്നത്? ബോംബും കൊണ്ടാണോ ജോലി ചോദിക്കാൻ പോകുന്നത്? അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

ശ്രീ. പി. ജെ. ജോസഫ്: പറയുന്നതൊന്നും ഞങ്ങൾക്ക് മനസ്സിലാകാത്ത കാര്യങ്ങളാണ്. കഴിഞ്ഞ മാസം 10-ാം തീയതി കയ്യ്കെട്ടി നടത്തിക്കൊണ്ടുപോയ അതേ തൊഴിലാളികളെ ആക്രമിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വാർത്താവിനിമയ ബന്ധങ്ങൾ തകർന്നിരിക്കുന്നു. ആർക്കും വഴി നടക്കാൻ കഴിയുന്നില്ല. ഈ സംഘർഷാവസ്ഥ ഉള്ളതുകൊണ്ട് സഭാനട പടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം സർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അവിടെ വാർത്താവിനിമയ ബന്ധ മൊന്നും തകർന്നിട്ടില്ല. ആർക്കും വഴി നടക്കാൻ ബുദ്ധിമുട്ടുമില്ല, യാതൊരു സംഘർഷാവസ്ഥയുമില്ല.

മി. സ്പീക്കർ: ആഭ്യന്തരമന്ത്രി ഇക്കാര്യത്തിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തു എന്നു പറഞ്ഞു. ആവശ്യമായ എല്ലാ പോലീസ് സംരക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും, സ്ഥിതിഗതികൾ ശാന്തമാണെന്നും ഈ സഭയെ അറിയ്ച്ചിട്ടുണ്ട്. അതു കൊണ്ട് ഈ അടിയന്തിര പ്രമേയത്തിന് ചർച്ചക്കുള്ള അനുമതി നിഷേധി ക്കുന്നു.

ശ്രീ. കെ. കരുണാകരൻ: കഴിഞ്ഞ നിയമസഭയിലും അദ്ദേഹം പറഞ്ഞു സ്ഥിതിഗതികളെല്ലാം ശാന്തമാണെന്ന്. അതിനുശേഷവും അവിടെയെല്ലാം അതാവർത്തിക്കുകയാണുണ്ടായത്. എനിക്ക് മനസ്സിലാവാത്തത് ജോലി ചോദിക്കാൻ പോകുന്ന ആളുകളുടെ കയ്യിൽ എന്തിന് ബോംബ്, എന്തിനാണ് തോക്ക്, എന്തിനാണ് മാരകായുധം എന്നതാണ്.

മി. സ്പീക്കർ: എല്ലാ കക്ഷികളുടെയും പ്രതിനിധികളും കൂടി ഒത്തു തീർപ്പുണ്ടാക്കി എന്ന് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് പറഞ്ഞിട്ടുണ്ട്. ഒന്നും ചെയ്യുന്നില്ലെന്നു പറയുന്നത് ശരിയല്ല.

ശ്രീ. പി. ജെ. ജോസഫ്: ആ ഒത്തുതീർപ്പാണ് ലംഘിച്ചിരിക്കുന്നത്. പണി തുടങ്ങിക്കഴിഞ്ഞിരുന്നവരെ 300 പേർ ആക്രമിച്ചു, ആ ആക്രമണ ത്തിൽ അവിടെ പോലീസ് ഉണ്ടായിട്ട് യാതൊന്നും ചെയ്യാൻ കഴിഞ്ഞില്ല.

ശ്രീ. കെ. കരുണാകരൻ: ഇന്ന് ഈ സഭാ നടപടികൾ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ടതാവശ്യമാണ്. ഈ സഭ ആരംഭിച്ചതിനുശേഷം പല പ്പോഴും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും സമാധാനം ഉണ്ടെന്നു പറ ഞ്ഞാലും ഇത് ആവർത്തിക്കുകയാണ്. ഈ സഭാ നടപടികൾ നിർത്തി വയ്ക്കണം. തൊഴിൽ പ്രശ്നമാണെങ്കിൽ നമുക്ക് മനസ്സിലാകും. തൊഴിൽ പ്രശ്നത്തിന്റെ പേരിൽ ജോലി അന്വേഷിക്കാൻ ബോംബും കൊണ്ടുപോകുന്നു. ജോലി കൊടുക്കുന്നവൻ മന്ത്രിയുടെ ഭാഷയിൽ പറ ഞ്ഞാൽ തോക്കെടുക്കുന്നു. അത് ഏതായാലും ഞങ്ങൾക്ക് ഈ സഭ നിർത്തിവച്ച് ചർച്ച നടത്തുന്നതിന് ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് തയ്യാറില്ലെങ്കിൽ സത്യവിരുദ്ധമായേ പറയൂവെങ്കിൽ തൊഴിലാളികളുടെ പേരും പറഞ്ഞുകൊണ്ട് തോക്കും കൊണ്ട് നടക്കാനുള്ള അവകാശം അനു വദിക്കുകയാണെങ്കിൽ ഞങ്ങൾക്ക് ഈ സഭയിലെ നടപടികളിൽ പങ്കെടു ക്കാൻ നിവൃത്തിയില്ല. ഇന്നത്തെ സഭാനടപടികളിൽ ഞങ്ങൾ പങ്കെടുക്കു ന്നില്ല. ഞങ്ങൾ ഈ സഭാ നടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(ശ്രീ. കെ. കരുണാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭയിൽനിന്ന് ഇറങ്ങിപ്പോയി)

ശ്രീ. സീതിഹാജി: ഈ രാജ്യത്ത് എന്ത് കലാപങ്ങൾ ഉണ്ടായാലും— നാദാപുരം, നിയോജകമണ്ഡലത്തിൽത്തന്നെ നാലോ അഞ്ചോ കലാപങ്ങളു ണ്ടായി— അതിനെല്ലാം ബഹുമാനപ്പെട്ട മന്ത്രി അവിടെ ശാന്തമാക്കി എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയും. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ കഴിയാതെ പരാജയപ്പെട്ട ഈ ഗവൺമെൻറിൻെറ നയത്തിൽ പ്രതിഷേധിച്ചു് ഞാനും എൻെറ പാർട്ടിയും വാക്കൗട്ടു് നടത്തുന്നു.

(ശ്രീ. സീതിഹാജിയും അദ്ദേഹത്തിൻെറ കക്ഷിയിൽപ്പെട്ട മറ്റു് അംഗങ്ങളും സഭയിൽനിന്നു് ഇറങ്ങിപ്പോയി.)

ശ്രീ. പി. ജെ. ജോസഫു്: യുക്തിക്കു് നിരക്കാത്ത കാര്യങ്ങളാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നതു്. അവിടെ എഗ്രിമെൻറു് ഉണ്ടായതിനുശേഷം ആ എഗ്രിമെൻറിൻെറ അടിസ്ഥാനത്തിൽ പണി എടുത്തുകൊണ്ടിരുന്ന ആളുകളെ ആക്രമിച്ചു് 300-ഓളം പേർ മാരകായുധങ്ങളുമായി ചെന്നാണു് ആക്രമിച്ചതു്. സർ, ഇതു് വസ്തുതയാണു്. കോൺഗ്രസ്(യു)-യിലെ എം.എൽ.എ. മാരോടു് ചോദിക്കൂ. ഇതു് വസ്തുതയാണോയെന്നു് അറിയാം സർ. കയ്യും കെട്ടിക്കൊണ്ടു പോയ അതേ ആളുകളെയാണു് ആക്രമിച്ചിരിക്കുന്നതു്. മാർക്സിസ്റ്റു പാർട്ടിയിലെ യോഗത്തിൽ പങ്കെടുപ്പിച്ച. അതേ ആളുകളെയാണു് ആക്രമിച്ചിരിക്കുന്നതു്. അവിടെ കൂടുതൽ സംഘർഷം ഉണ്ടാകാനായി കരുതിക്കൂട്ടിയുള്ള നടപടിയാണു് ഉണ്ടായതു്. അവിടെ പോലീസിനു് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എത്രയാനും പോലീസുകാർ ഉണ്ടായിരുന്നു. അവർക്കു് ഓടി ഒളിക്കേണ്ട ഗതികേടാണു് അവിടെ ഉണ്ടായതു്. അതിനുശേഷം പോലീസു് വണ്ടിയെ ആക്രമിച്ചു. എന്തു ചെയ്തു?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ജോസഫിനു് എവിടെ നിന്നു കിട്ടി ഈ വിവരങ്ങളൊക്കെ?

ശ്രീ. പി. ജെ. ജോസഫു്: അവിടെ വാർത്താവിനിമയ ബന്ധങ്ങളും മുഴുവൻ വിച്ഛേദിച്ചിരുന്നു. ആ പ്രദേശത്തു മുഴുവനും കുഴപ്പങ്ങളുണ്ടാക്കി. കാർഷിക മേഖല ആകെ അസ്വസ്ഥമായിരിക്കുകയാണു്. ഒരു വിഭാഗം തൊഴിലാളികൾക്കേ അവിടെ പണിയെടുക്കാൻ അവകാശമുള്ളു. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള പ്രശ്നമല്ല. കൂലിത്തർക്കമല്ല. മാർക്സിസ്റ്റുകാരല്ലാത്ത തൊഴിലാളികൾക്കു് പണിയെടുക്കാൻ അവകാശമില്ലെന്ന സ്ഥിതി നാദാപുരത്തു് വെറുങ്ങാടു് പ്രദേശത്തു് ഉണ്ടായിരിക്കുന്നു. മൂന്നോ നാലോ പ്രാവശ്യം ഈ സഭയിൽത്തന്നെ പ്രശ്നങ്ങളുന്നയിച്ചിട്ടു് ഒത്തുതീർപ്പുണ്ടാക്കാൻ ഗവൺമെൻറിനു് കഴിഞ്ഞിട്ടില്ല. ഉണ്ടാക്കിയ ഒത്തുതീർപ്പുതന്നെ ലംഘിച്ചിരിക്കുന്നു. ഇന്നുതന്നെ ഈ സഭാനടപടികൾ നിർത്തിവച്ചു് ചർച്ച ചെയ്യണമെന്ന ആവശ്യം അംഗീകരിക്കാത്തതുകൊണ്ടു് ഞാനും എൻെറ കക്ഷിയും ഇന്നത്തെ നിയമസഭാ നടപടികൾ ബഹിഷ്ക്കരിക്കുന്നു.

(ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിൻെറ പാർട്ടിയും സഭയിൽനിന്നു് ഇറങ്ങിപ്പോയി.)

ശ്രീമതി കെ. ആർ. സരസ്വതിയമ്മ: ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലാത്ത പരിതഃസ്ഥിതിയിലും ആവർത്തിച്ചു് നൽകപ്പെടുന്ന മന്ത്രിയുടെ ആഹ്വാനങ്ങൾ നടപ്പിലാകാതെയിരിക്കുന്ന പരിതഃസ്ഥിതിയിലും അതുപോലെതന്നെ വർഗ്ഗ സമരത്തിനു് ആഹ്വാനം ചെയ്തുകൊണ്ടു് dictatorship of the proletarian എന്നുള്ള മാർക്സിസ്റ്റു തത്വസംഹിത മനഃപൂർവ്വം നടപ്പിലാക്കുന്നതിനു് ശ്രമിക്കുന്ന ഈ ഗവൺമെൻറിൻെറ നയത്തിൽ പ്രതിഷേധിച്ചുകൊണ്ടു് ഞാനും എൻെറ പാർട്ടിയും ഈ സഭാനടപടികൾ ബഹിഷ്ക്കരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. സരസ്വതി അമ്മയും അവരുടെ പാർട്ടിയും സഭയിൽനിന്ന് ഇറങ്ങിപ്പോയി.)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെക്കാലമായി അവിടെ സംഘർഷാവസ്ഥ നിലവിലുണ്ടായിരുന്നിട്ടും പോലീസിന്റെ ഭാഗത്തുനിന്നും അത് ഒതുക്കാൻ കാര്യമായൊന്നും നടത്തിക്കാണുന്നില്ല. പത്ത് മുന്നൂറ് ആളുകളെ സംഘമായി വന്ന് ആക്രമണം നടത്തിയിട്ട് പോലീസ് ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ ഉണ്ടായിരുന്നിട്ടും അത് ഒഴിവാക്കാൻ വേണ്ടിയാതൊരു ശ്രമവും നടത്തിയിട്ടില്ല. വളരെക്കാലമായി നിയമസഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അങ്ങനെയൊന്നും ഉണ്ടാവുകയില്ലെന്ന് ഉറപ്പു പറഞ്ഞിട്ടും വീണ്ടും സംഘട്ടനം ഉണ്ടായിരിക്കുകയാണ്. ഈ സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയും അതിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

II. ശ്രദ്ധക്ഷണിക്കൽ

(i) കോളേജദ്ധ്യാപകരുടെ ആവശ്യങ്ങൾ

ശ്രീ. സി. ബി. സി. വാര്യർ: സർ, ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ സ്വകാര്യ കോളേജ് അദ്ധ്യാപകരും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരും സർവകലാശാലാ സെന്ററുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരും നടത്തിവന്ന പണിമുടക്ക് സംയുക്ത സമരസമിതിക്ക് ഗവൺമെന്റ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 28-ാം തീയതി പിൻവലിക്കുകയുണ്ടായി. അന്നു നൽകിയ പ്രധാനപ്പെട്ട ഉറപ്പുകളിൽ യു. ജി. സി. സ്കെയിൽ നടപ്പിലാക്കണമെന്നതായിരുന്നു. യു. ജി. സി. കേന്ദ്ര ഗവൺമെന്റുമായും ചർച്ച ചെയ്തുകൊണ്ട് സ്വകാര്യകോളേജ് രംഗത്ത് നിയമനത്തിന്റെ കാര്യത്തിൽ നിലനിൽക്കുന്ന കമ്മ്യൂണൽ റൊട്ടേഷനും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ നിയമനത്തിന്റെ രംഗത്ത് നിലനിൽക്കുന്ന സംവരണ തത്വങ്ങളും അംഗീകരിക്കുന്നതിന് യു. ജി. സിയും കേന്ദ്ര ഗവൺമെന്റും തയ്യാറാകുന്ന പക്ഷം അതുപോലെ തന്നെ യു. ജി. സി. യും കേന്ദ്ര ഗവൺമെന്റും സാമ്പത്തിക സഹായം നൽകിയും യു. ജി. സി. സ്കെയിൽ നടപ്പിലാക്കുന്നതിന് സമ്മതിക്കുന്ന പക്ഷം അത് നടപ്പിലാക്കാമെന്നും അതിനുവേണ്ടിയുള്ള ചർച്ചകൾ ആറ് മാസത്തിനകം പൂർത്തിയാക്കാം എന്നുമായിരുന്നു പ്രധാനപ്പെട്ട ഉറപ്പ്. അത്തരത്തിൽ യു. ജി. സി. യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും സമ്മതത്തോടുകൂടി നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ ബദൽ ഏർപ്പാട് എന്നുള്ള നിലക്ക് കോളേജിൽ നോൺ കേഡർ ഒന്നാംഗ്രേഡ് പ്രൊഫസർ സ്ഥാനം സൃഷ്ടിക്കുന്നതിനും ജൂനിയർ ലക്ചറർ സ്ഥാനം സൃഷ്ടിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകി. അതിനുപുറമേ നോൺ കേഡർ രണ്ടാം ഗ്രേഡ് പ്രൊഫസർമാരുടെ നിയമനത്തിനുവേണ്ട 13 വർഷത്തെ സർവീസ് കണക്കാക്കുന്നതിന്, ജൂനിയർ ലെക്ചറൻമാരായും ട്യൂട്ടർമാരായും പ്രവർത്തിച്ച കാലയളവുകൂടി കണക്കിലെടുക്കാമെന്ന് ഉറപ്പു നൽകിയിരുന്നു. സർവകലാശാലകളിൽ (കേരള യൂണിവേഴ്സിറ്റിയുടെയും കൊച്ചിൻ യൂണിവേഴ്സിറ്റിയുടെയും കാലിക്കട്ട്

LIBRARY ARCHIVES Kerala Legislative Assembly